# പ്ലാച്ചിമട പ്രശ്നത്തിന്റെ പരിഹാരം

ഡോ. കെ. അരവിന്ദാക്ഷൻ

**പ്ലാച്ചിമട സുഹൃദ് സംഘം 02/01/05 ൽ തയ്യാറാക്കിയ കരട് രേഖ വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് താഴെ കൊടുക്കുന്ന നിരീക്ഷണങ്ങൾ.**

**1** പ്ലാച്ചിമട സമരത്തിന്റെ ആയിരാം നാൾ ജനുവരി പതിനഞ്ചിന് പിന്നിടുമ്പോൾ, പ്ലാച്ചിമട ജനങ്ങളുടെ പ്രധാന പ്രശ്നങ്ങളായ കുടിവെള്ളവും ജലമലിനീകരണവും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ, മുന്നോട്ട് പോകുന്നില്ല. പ്രധാന പ്രശ്നങ്ങൾ കുടിവെള്ളവും ജലമലിനീകരണവുമാണെന്ന് അടിവരയിട്ടുകൊണ്ടേ മുന്നോട്ടു പോകാനാവൂ.

**2** ജലമലിനീകരണം ഇല്ലാതാകണമെങ്കിൽ കൊക്കോകോള ഫാക്ടറി അടച്ചുപൂട്ടുകയേ വഴിയുള്ളൂ. അവരുള്ളിടത്തോളം കാലം കോടതിയോ മറ്റേതെങ്കിലും സർക്കാർ ഏജൻസികളോ എന്ത് കർശന നിയമങ്ങൾ കൊണ്ടുവന്നാലും പണവും അധികാരവും മുഷ്ക്കും ഉപയോഗപ്പെടുത്തി അവരതിനെ മറികടക്കും.

**3** കമ്പനിയുടെ നടപടികൾക്കെതിരെ കോടതിയിലൂടെ നിയമനനടപടികൾക്ക് പോകുന്നത് അത്രയൊന്നും ഫലവത്താകണമെന്നില്ല. കാരണം കമ്പനിക്ക് തുണയായി സർക്കാരും വമ്പന്മാരായ വക്കീലന്മാരുമുണ്ടാകും. അതേ നിലയിലുള്ള വക്കീലന്മാരെ പണം കൊടുത്ത് നമ്മുടെ ഭാഗത്ത് വാദിക്കാൻ നിർത്തിയാലും, നർമ്മദ സമരം പോലുള്ളവയുടെ കാര്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ, അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെന്നില്ല. ഡാറ്റകൾ, വിവരങ്ങൾ, വാദിക്കാനുള്ള ശേഷി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും കോടതി വിധി പറയുക. ജനകീയ വിവരം ഉയർത്തപ്പെട്ടുമുള്ള ഒരു സമരമായാൽ പോലും കോടതിയെ പ്രശ്നപരിഹാരത്തിനും നമ്പിക്കൂടായെന്നാണ് എന്റെ അഭിപ്രായം ചില നീക്കുപോക്കുകൾ



വര : ജോർജ്ജ് ആർ.

ഉണ്ടായേയ്ക്കാം.

**4** സമരം നടക്കേണ്ടത് പ്ലാച്ചിമടയിലെ മണ്ണിലാണ്. സമരം നടത്തേണ്ടത് പ്ലാച്ചിമടയിലുള്ളവരും. അവർക്ക് ശക്തിയും ഊർജ്ജവും വേണ്ട സമയങ്ങളിൽ കൊടുക്കാനും അവരുടെ സമരവീര്യം തണുക്കാതിരിക്കാനും കേരളീയ പൊതുസമൂഹത്തിന്റെ ബാധ്യതയാണ്.

**സമരം രണ്ട് തലങ്ങളിൽ പരസ്പര പൂരകമായിട്ടാണ് നടക്കേണ്ടത്.**

(എ) യാതൊരു കാരണവശാലും പ്ലാച്ചിമടയിലെ ജനങ്ങൾക്ക് അവകാശപ്പെട്ട വെള്ളം കമ്പനി ചൂഷണം ചെയ്യാൻ അനുവദിക്കില്ലയെന്ന പ്രതിജ്ഞയുമായി കമ്പനി അടച്ചു പൂട്ടിക്കാനുള്ള സമരം. കമ്പനി പൂട്ടുന്നത് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. ജനങ്ങൾക്കു വേണ്ടയെങ്കിൽ അങ്ങിനെയൊരു കമ്പനി ആവശ്യമില്ല. ഈ സമരത്തിൽ പുറമെ നിന്നുള്ളവർക്കും പങ്കുചേരാം. ലേഖനങ്ങൾ വഴിയായും സമ്മർദ്ദ ഗ്രൂപ്പുകൾ വഴിയായും പ്രസംഗങ്ങൾ വഴിയായും ദൃശ്യ-മാധ്യമങ്ങൾ വഴിയായും ഇതിനെ വികസിപ്പിച്ചെടുക്കാം. സമരം ഒരു ഘട്ടത്തിലും തളരാൻ പാടില്ലാത്തത് പുറമെ നിന്നുള്ളവരുടെ ബാധ്യതക്കൂടിയാണ്.

(ബി) സമരം ചെയ്യുന്ന ഘട്ടത്തിൽ പ്ലാച്ചിമടയിലെ ജനങ്ങൾക്ക് നിത്യനിദാനത്തിനുള്ള വഴികൾ കണ്ടെത്തുകയാണ് സമരത്തോടൊപ്പം നടക്കേണ്ടത്. അവരുടെ ഭക്ഷണം, പാർപ്പിടം, തൊഴിൽ എന്നിവയിലൂന്നുന്ന സമരരീതികളുണ്ടാവണം. അതായത് സമരം കമ്പനിപ്പിടിക്കൽ മുദ്രാവാക്യം വിളിക്കൽ മാത്രമല്ല. കൈവേലകൾ, ചെറുകിട വ്യവസായങ്ങൾ എന്നിവ ഏതൊക്കെ അസംസ്കൃത വിഭവങ്ങളിലൂടെ സാധ്യമാകുമോ അതെല്ലാം രൂപപ്പെടണം. അവരുണ്ടാകുന്ന ഉല്പന്നങ്ങളുടെ വിപണനം സമരത്തോട് ഐക്യദാർഢ്യമുള്ളവർ ഏറ്റെടുക്കണം. കമ്പനിയിൽ തൊഴിലില്ലെങ്കിലും ഭക്ഷണം കഴിക്കാനും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനും സാധാരണ ജീവിതം നയിക്കാനും സാധ്യമാകുന്ന ഒരു അന്തരീക്ഷം ഉണ്ടാവണം. യഥാർത്ഥമായ ഒരു സമരമുഖം ഇതാണ്.

**5** ജലമലിനീകരണം എങ്ങിനെ മാറ്റിയെടുക്കാം എന്നത് സമരം പോലെയോ അതിനേക്കാളുപരിയോ പ്രധാനമാണ്. ജലമലിനീകരണം ഇല്ലാതാക്കലും ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കലും പരസ്പരം ബന്ധിതമാണ്. പ്ലാച്ചിമടയുടെ മണ്ണിന്റെയും ഊർപ്പത്തിന്റെയും ഘടനയ്ക്കനുയോജ്യമായ നാട്ടുമരങ്ങൾ, ചെടികൾ ഇവ ശാസ്ത്രീയമായിത്തന്നെ വച്ചുപിടിപ്പിക്കണം. ദീർഘവീക്ഷണമുള്ള ഒരു പദ്ധതിയാകണം ഇത്. നമ്മുടെ മണ്ണിൽ മരം വെച്ച് പിടിപ്പിക്കുന്നത് മുഷ്ടിയുരുട്ടി മുദ്രാവാക്യം മുഴക്കുന്നതിനേക്കാൾ അർത്ഥവത്താണെന്നും അതൊരു ഉശിരൻ സമരമുറയാണെന്നും പ്ലാച്ചിമടയിലെ ജനങ്ങളെങ്കിലും മനസ്സിലാക്കണം. ഇതിനു വേണ്ട അറിവും വിത്തുകളും തൈകളും പുറമേനിന്നുള്ളവർക്ക് (അതിൽ വിദഗ്ദ്ധരായവർക്ക്) കൊടുക്കാനാവും.

*ഗാന്ധിയൻ പഠനത്തിൽ ശ്രദ്ധാലു, ഗ്രന്ഥകർത്താവ്. പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തകൻ, ഇപ്പോൾ ഫെഡറൽ ബാങ്കിൽ ജോലി ചെയ്യുന്നു.*

*'വാൾഡൻ', എറവ്, തൃശൂർ*